കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 22.03.2018

### 100 പട്ടികജാതി കോളനികളിൽ 'നവചേതന'

# ആദ്യഘട്ട സർവേയിൽ നിരക്ഷരർ 2266

## ഏറ്റവും കൂടുതൽ പാലക്കാട്ട്- 316
## കുറവ് കോട്ടയത്ത്- 41

തിരുവനന്തപുരം: പട്ടികജാതി വിഭാഗങ്ങളിലെ അവശേഷിക്കുന്ന നിരക്ഷരത ഇല്ലാതാക്കുക, പാതി വഴിയിൽ പഠനം മുടങ്ങിയവർക്ക് തുടർപഠനം ഒരുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാക്ഷരതാമിഷൻ ആവിഷ്കരിച്ച 'നവചേതന' പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സർവേ റിപ്പോർട്ട് പുറത്തുവന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന 100 പട്ടികജാതി കോളനികളിലാണ് പദ്ധതിയുടെ ആദ്യഘട്ട സർവേ നടത്തിയത്. ഈ 100 കോളനികളിൽ നടത്തിയ സർവേയിൽ മൊത്തം 2266 നിരക്ഷരരെ കണ്ടെത്തി. ഇതിൽ 1505 പേർ സ്ത്രീകളും 756 പേർ പുരുഷൻമാരുമാണ്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ള നിരക്ഷരരുടെ എണ്ണം 5 ആണ്. ഏറ്റവും കൂടുതൽ നിരക്ഷരരെ കണ്ടെത്തിയത് പാലക്കാട് ജില്ലയിലാണ്. 316 പേർ. കുറവ് കോട്ടയം ജില്ലയിലാണ്. 41 പേർ. 100 കോളനികളിലെ 56202 വീടുകൾ കയറിയിറങ്ങി മൊത്തം 18419 പേരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ഇതിൽ 9547 പേർ സ്ത്രീകളും 8842 പേർ പുരുഷൻമാരുമാണ്.

നാലാംതരം വിജയിക്കാത്തവർ 1872 പേരുണ്ട്. ഇതിൽ 2 പേർ ട്രാൻസ് വിഭാഗത്തിൽ നിന്നുള്ളവരാണ്. നാലാംതരം വിജയിക്കാത്തവരുടെ എണ്ണത്തിൽ കൂടുതൽ തൃശൂർ ജില്ലയിലാണ്. 322 പേർ. കുറവ് കാസർഗോഡ്. 52 പേർ. ഏഴാംതരം വിജയിക്കാത്തവരുടെ എണ്ണം 2644 ആണ്. ട്രാൻസ് വിഭാഗത്തിൽ നിന്നും 8 പേർ. ഇതിലും ഏറ്റവും കൂടുതൽ പേരെ കണ്ടെത്തിയത് തൃശൂർ ജില്ലയിൽ നിന്നാണ്. 424 പേർ. കുറവ് കാസർഗോഡ് ജില്ലയിൽ നിന്നു തന്നെ. 62 പേർ. പത്താംതരം വിജയിക്കാത്തവരായി കണ്ടെത്തിയത് 5215 പേരെയാണ്. ട്രാൻസ് വിഭാഗക്കാർ 4. കൂടുതൽ പേരെ കണ്ടെത്തിയത് തിരുവനന്തപുരം ജില്ലയിൽ നിന്നാണ്. 636 പേർ. കുറവ് കാസർഗോട്ട്. 88 പേർ.ഹയർ സെക്കൻഡറി വിജയിക്കാത്തവരുടെ എണ്ണം 3394 ആണ്. ഒരാൾ ട്രാൻസ്ജെൻഡറാണ്. കൊല്ലം ജില്ലയിലാണ് ഹയർ സെക്കൻഡറി പാസാകാത്തവരെ കൂടുതലായി കണ്ടെത്തിയത്. 410. ഈ വിഭാഗത്തിലും കുറവ് കാസർഗോട്ടാണ്. 52. സർവേ

റിപ്പോർട്ടിന്റെ പ്രകാശനം മന്ത്രിമാരായ സി.രവീന്ദ്രനാഥ്, എ.കെ.ബാലൻ എന്നിവർ ചേർന്ന് നിർവഹിച്ചു. സർവേയിൽ കണ്ടെത്തിയ നിരക്ഷരർക്കുള്ള ക്ലാസുകൾ ഉടൻ തുടങ്ങുമെന്ന് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല അറിയിച്ചു.

നവചേതന പദ്ധതിക്കുള്ള ഇൻസ്ട്രക്ടർമാരുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കി. പൂർണമായും പട്ടികാജാതി വിഭാഗങ്ങളിൽ നിന്നുള്ളവരാണ് ഇൻസ്ട്രക്ടർമാർ. പ്രാദേശിക സാക്ഷരതാസമിതികളുടെ രൂപീകരണവും നടന്നു. ജില്ലാ സാക്ഷരതാമിഷനുകളുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, പദ്ധതി നടപ്പിലാക്കുന്ന കോളനികളിലെ വിദ്യാർഥികൾ, സാമൂഹ്യ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സർവേ നടത്തിയത്.

പദ്ധതി നടപ്പിലാക്കുന്ന 14 ജില്ലകളിലെ കോളനികളുടെ എണ്ണം ബ്രാക്കറ്റിൽ: തിരുവനന്തപുരം (10), കൊല്ലം(10), പത്തനംതിട്ട (7), ആലപ്പുഴ (8), കോട്ടയം (7), ഇടുക്കി (5), എറണാകുളം (10), തൃശൂർ (6), പാലക്കാട് (10), മലപ്പുറം (7), കോഴിക്കോട് (9), വയനാട് (3) കണ്ണൂർ (5), കാസർഗോഡ് (3).

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതാത് കോളനിവാസികളുടെ പങ്കാളിത്തത്തോടെ ജനകീയ കാമ്പയിനായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സാമൂഹ്യ, സന്നദ്ധ പ്രവർത്തകർ, വിവിധ സർക്കാർ- സർക്കാതിര ഏജൻസികൾ എന്നിവയുടെ സേവനയും പ്രയോജനപ്പെടുത്തും.

നാല് മാസമാണ് സാക്ഷരതാക്ലാസിന്റെ ദൈർഘ്യം. ഇതിൽ വിജയിക്കുന്നവർക്ക് നാലാംതരം, ഏഴാംതരം തുല്യതാ കോഴ്സുകൾ നടത്തും. 20 പേർക്ക് ഒരു പഠനകേന്ദ്രം എന്ന നിലയിലാണ് ക്ലാസുകൾ ഒരുക്കുന്നത്. പഠിതാക്കളുടെ എണ്ണം വർധിക്കുന്നതനുസരിച്ച് ഇൻസ്ട്രക്ർമാരുടെയും പഠനകേന്ദ്രങ്ങളുടെയും എണ്ണം വർധിപ്പിക്കും.

**പ്രദീപ്കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 9995969711**

# ഫോട്ടോ ക്യാപ്ഷൻ

**'നവചേതന' പദ്ധതിയുടെ ആദ്യഘട്ട സർവേ റിപ്പോർട്ടിന്റെ പ്രകാശനം മന്ത്രിമാരായ സി.രവീന്ദ്രനാഥ്, എ.കെ.ബാലൻ എന്നിവർ ചേർന്ന് നിർവഹിക്കുന്നു. സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല സമീപം**